**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 290** **01-02-2023 - ൽ മറുപടിയ്ക്ക്**

**ബി.പി.എൽ. റേഷൻ കാർഡ് തിരിച്ചേൽപ്പിക്കുമ്പോൾ ഈടാക്കുന്ന പിഴ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അനർഹമായി കൈവശം വെച്ച ബി.പി.എൽ. റേഷൻ കാർഡുകൾ തിരിച്ചേൽപ്പിക്കുന്ന അവസരത്തിൽ കാർഡുടമകളിൽ നിന്ന് പിഴ ഈടാക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | മുൻഗണനാപട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി, അർഹരായവർക്ക് അവസരമുറപ്പാക്കുന്നതിനായി അനർഹമായി കൈവശം വച്ച മുൻഗണനാ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് 2021 ജൂലൈ 15 മുതൽ 2022 മാർച്ച് 31-വരെ അവസരം നൽകിയിരുന്നു. ദീർഘകാലത്തെ ടി അവസരം പ്രയോജനപ്പെടുത്താതെ വീണ്ടും അനർഹമായ കാർഡുകൾ കൈവശം വച്ചിരുന്നവരിൽ നിന്നാണ് പിഴ ഈടാക്കുന്ന നടപടികൾ സ്വീകരിച്ചത്. |
| (ബി) | പിഴ ഈടാക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | അനർഹമായി മുൻഗണന റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്ന വ്യക്തികളുടെ പേരിൽ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 - ലെ ഖണ്ഡിക 11 പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി, അനർഹമായി കൈപ്പറ്റിയ റേഷൻസാധനങ്ങളുടെ കമ്പോള നിരക്കിലുള്ള വില പിഴയായി ഈടാക്കുന്നു |
| (സി) | പെരിന്തൽമണ്ണ താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിൽ നിന്ന് കഴിഞ്ഞ മൂന്ന് മാസത്തിനിടെ ഇപ്രകാരം എത്ര റേഷൻ കാർഡുകൾ തിരിച്ചേൽപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | കാർഡുകൾ തിരിച്ചേൽപ്പിക്കുന്നതിന് അനുവദിച്ചിരുന്ന സമയപരിധി 2022 മാർച്ച് 31 വരെയായിരുന്നു. മുൻഗണനാ വിഭാഗത്തിൽ നിന്നും 476 റേഷൻ കാർഡുകളും മുൻഗണനേതര (സബ്സിഡി)വിഭാഗത്തിൽ നിന്നും 211 റേഷൻ കാർഡുകളും മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിലേക്ക് തരം മാറ്റിയിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ പിഴയിനത്തിൽ എത്ര രൂപ ഈടാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | പെരിന്തൽമണ്ണ താലൂക്കിൽ പിഴയിനത്തിൽ 31,08,581/- രൂപ ഈടാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ